മലയാള മനോരമ
ഞായറാഴ്ച

ഞായർ, 19 നവംബർ 1995

വായന ഈയാഴ്ച

# ഇ. ഹരികുമാർ



ഒരു ശാസ്ത്രപുസ്തകവും കഥാപുസ്തകവും കയ്യിൽ കിട്ടിയാൽ കഥാകൃത്ത് ഇ. ഹരികുമാർ ആദ്യം വയിക്കുക ശാസ്ത്രപുസ്തകമാണ്. “ശാസ്ത്രം സത്യവും കഥകൾ വെറും കെട്ടുകഥകളുമായതുകൊണ്ടല്ല; ശാസ്ത്രം യക്ഷിക്കഥകളെക്കാൾ അദ്ഭുതകരമാണെന്നതുകൊണ്ടുമാത്രം. പുസ്തകത്തിൻെറ കാര്യത്തിൽ മാത്രമല്ല, ടിവി കാണുമ്പോഴും ശാസ്ത്രപരിപാടികൾക്കാണു മുൻഗണനന”- ഹരികുമാർ പറയുന്നു.

പ്രപഞ്ചം എന്താണ് എന്ന അന്വേഷണം കുട്ടിക്കാലംതൊട്ടേ ഹരികുമാറിൻെറ മനസ്സിലുണ്ടായിരുന്നു. വളരെ അപൂർവമായി അച്ഛനെ (കവി ഇടശ്ശേരി) അടുത്തുകിട്ടുമ്പോൾ മക്കൾ അച്ഛനെക്കൊണ്ടു സംസാരിപ്പിച്ചിരുന്നത് പ്രപഞ്ചത്തിൻെറ ഉൽപത്തിയെപ്പറ്റിയും ഗാലക്സികളുടെ ഘടനയെപ്പറ്റിയും മറ്റുമായിരുന്നു. സാഹിത്യത്തെപ്പറ്റി അച്ഛനുമായി സംസാരിച്ചത് ഹരികുമാർ ഓർക്കുന്നില്ല.

അഞ്ചുവർഷങ്ങൾക്കുമുമ്പു വായിച്ച COSMIC CODE (by HEINZ R PAGELS) എന്ന പുസ്തകം ഇപ്പോൾ കയ്യിൽ കിട്ടിയപ്പോൾ വീണ്ടും വായിച്ചത് ഇതൊക്കെക്കൊണ്ടെല്ലാമാണ്. പുസ്തകത്തെപ്പറ്റി ഹരികുമാർ:

നക്ഷത്രങ്ങളുടെ ഉദ്ഭവം തേടി, പ്രപഞ്ചത്തിൻെറ വേരുകൾ തേടിയുള്ള ആ യാത്ര ലഹരിപിടിപ്പിക്കുന്നതാണ്. ന്യൂട്ടനിൽനിന്ന് ഐൻസ്റ്റൈനിലേക്ക്, ഐൻസ്റ്റൈനിൽനിന്ന് മാക്സ് പ്ലാങ്ക്‌വഴി ഹൈസൻ ബർഗിലേക്ക്; സൃഷ്ടിയുടെ രഹസ്യത്തിലേക്കുള്ള ദൂരം കുറഞ്ഞുവരികയാണ്. അതോടെ പ്രപഞ്ചഘടന എന്താണെന്ന അന്വേഷണം കണികകളുടെ ലോകത്തേക്കു നയിക്കുന്നു. പ്രപഞ്ചത്തിൻെറ വിശാലതയിൽനിന്നു കണികയുടെ ഉള്ളറകളിലേക്ക്. കണികയ്ക്കുള്ളിലെ ഘടകങ്ങൾ, ഓരോ ഘടകത്തിലും വീണ്ടും ഘടകങ്ങൾ, ആ ഘടകങ്ങളെ പിടിച്ചുനിർത്തുന്ന വൈദ്യുത കാന്തശക്തി, ഗുരുത്വാകർഷണശക്തി എന്നിവ. ഈ ഘടകങ്ങൾ കഥാപാത്രങ്ങളാവുന്നു. അവ പറയുന്ന കഥകൾ അമ്പരപ്പിക്കുന്നതാണ്, ഞെട്ടിക്കുന്നതാണ്.

പുസ്തകം മൂന്നു ഭാഗമായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. ആദ്യഭാഗം ‘ദ് റോഡ് ടു ക്വാണ്ടം റിയാലിറ്റി’യിൽ ന്യൂട്ടോണിയൻ ഭൗതികശാസ്ത്രത്തിൽനിന്നു കണികാസിദ്ധാന്തത്തിലേക്കുള്ള പ്രയാണം കാണിച്ചിരിക്കുന്നു. രണ്ടാമത്തെ ഭാഗം “ദ് വൊായേജ് ഇൻടു മാറ്റർ” എന്നതിൽ കണികകളുടെ ഉള്ളറകളിലേക്ക് ഒരു യാത്രയാണ്. മൂന്നാംഭാഗം “കോസ്മിക് കോഡ്” പ്രപഞ്ചത്തെപ്പറ്റിയുള്ള ചിന്തകളാണ്.

THE COSMIC CODE
by HEINZ R. PAGELS
(BANTAM NEW AGE BOOKS)